# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി: 12.02.2026

## പ്രസിദ്ധീകരണത്തിന്

### 1. സംസ്കൃതസർവ്വകലാശാലയിൽ ശില്പശാല 16 ന്

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശില്പശാല ഫെബ്രുവരി 16 ന് കാലടി മുഖ്യ കാമ്പസിലുള്ള യൂട്ടിലിറ്റി സെന്ററിലെ സെമിനാർ ഹാളിൽ രാവിലെ 10.30 ന് ആരംഭിക്കും. വൈസ് ചാൻസലർ പ്രൊഫ. കെ.കെ. ഗീതാകുമാരി ശില്പശാല ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് അംഗവും രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന്റെ ഗവേണിംഗ് കൗൺസിൽ ചെയർ പേഴ്സണുമായ ആർ. അജയൻ അധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. എം. സത്യൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ്, ഡോ. വി.കെ. ഭവാനി, ഡോ. ടി.ജി. ജ്യോതിലാൽ, ഡോ. ജോസ് ആന്റണി എന്നിവർ പ്രസംഗിക്കും. കേരള സ്റ്റാർട്ട് അപ് മിഷൻ അസിസ്റ്റന്റ് മാനേജർ എം. കൃഷ്ണകുമാർ ക്ലാസ് നയിക്കും.

### 2. സംസ്കൃത സർവ്വകലാശാല: ഗൂഞ്ച് കളക്ഷൻ ഡ്രൈവ് ഉദ്ഘാടനം ചെയ്തു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ മുൻനിര എൻ. ജി. ഒ 'ഗൂഞ്ച്' മായി ചേർന്ന് സംഘടിപ്പിക്കുന്ന പുനഃരുപയോഗ യോഗ്യമായ സാധനങ്ങളുടെ കളക്ഷൻ ഡ്രൈവ് രജിസ്ട്രാർ ഡോ. മോത്തി ജോർജ് ഉദ്ഘാടനം ചെയ്തു. സോഷ്യൽ വർക്ക് വിഭാഗം മേധാവി ഡോ. ജോസ് ആന്റണി അധ്യക്ഷനായിരുന്നു. ഡോ. രേഷ്മ ഭരദ്വാജ്, ഷൈനി വി. ടി., അഞ്ജന എസ്. എന്നിവർ പ്രസംഗിച്ചു. കളക്ഷൻ ഡ്രൈവ് ഫെബ്രുവരി 20 വരെയായിരിക്കും. ബി. എസ്. ഡബ്ല്യു. വിദ്യാർത്ഥികളുടെ നേതൃത്വത്തിലാണ് കളക്ഷൻ ഡ്രൈവ് സംഘടിപ്പിക്കുന്നത്. വീട്ടുപകരണങ്ങൾ, ഓഫീസ് വസ്തുക്കൾ, വിൽക്കാത്ത സാധനങ്ങൾ, കമ്പിളി വസ്ത്രങ്ങൾ, സാരികൾ, വസ്ത്രങ്ങൾ, പാത്രങ്ങൾ, സ്റ്റേഷനറികൾ, ഒരു വശം മാത്രം ഉപയോഗിച്ച പേപ്പർ, കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ എന്നിവയാണ് ശേഖരിക്കുക. ശേഖരിച്ച വസ്തുക്കളിൽ നിന്നും സാനിട്ടറി നാപ്കിൻ, സ്കൂൾ കിറ്റ്, ശൈത്യകാല

വസ്ത്രങ്ങൾ, ഫാമിലി കിറ്റ് എന്നിവ തയ്യാറാക്കി ക്ലബ്ബിന്റെ നേതൃത്വത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലുള്ള ഗ്രാമീണ മേഖലകളിൽ വിതരണം ചെയ്യും.

## 3. ലാങ് ലാബ് ഉദ്ഘാടനം ചെയ്തു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ എഫ്. വൈ. യു. ജി. പി. സ്റ്റുഡന്റ്സ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ലാങ് ലാബിന്റെ ഉദ്ഘാടനം രജിസ്ട്രാർ ഡോ. മോത്തി ജോർജ് നിർവ്വഹിച്ചു. ഡോ. ജോസ് ആന്റണി അധ്യക്ഷനായിരുന്നു. സോഷ്യൽ വർക്ക് വിഭാഗത്തിലെ നാല് വർഷ ബിരുദ വിദ്യാർത്ഥികളെ നൈപുണ്യ വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ പ്രോഗ്രാമിൽ 50 മണിക്കൂർ ഇംഗ്ലീഷ് ഭാഷാപരിശീലനമാണ് നൽകുന്നത്.

**ജലീഷ് പീറ്റർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ നം. 9447123075**